**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണവകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ക്ഷാമബത്ത 01.01.2012 മുതൽ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (സി) വകുപ്പ്**

**സ.ഉ.(സാധാ)നം. 368/2012/സഹ.  തീയതി,തിരുവനന്തപുരം, 06.07.2012.**

---

പരാമർശം:- 1) 28.11.2011 ലെ സ.ഉ.(സാധാ) നം. 642/2011/സഹ നമ്പർ ഉത്തരവ്.

2) 03.01.2012 ലെ സ.ഉ. (സാധാ) നം. 06/2012/സഹ നമ്പർ ഉത്തരവ്.

3) 04.06.2012 ലെ സ.ഉ. (അച്ചടിച്ചത്) നം. 323/2012 /ധന.

4) സഹകരണ സംഘം രജിസ്ട്രാരുടെ 18.06.2012 ലെ ഇ.എം(4) 30036/2012 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് 01.07.2011 മുതൽ പരിഷ്കരിച്ച സ്കെയിലിൽ 83% ഉം പ്രീറിവൈസ്ഡ് സ്കെയിലിൽ 127%ഉം ക്ഷാമബത്ത അനുവദിച്ച്കൊണ്ട് പരാമർശം(1),(2) പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (3) പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പ്രീറിവൈസ്ഡ് സ്കെയിലിൽ 12% ക്ഷാമബത്തയും പരിഷ്കരിച്ച സ്കെയിലിൽ 7% ക്ഷാമബത്തയും 01.01.2012 മുതൽ അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം സഹകരണ സംഘം ജീവനക്കാർക്ക് പ്രീറിവൈസ്ഡ് സ്കെയിലിൽ 139% ക്ഷാമബത്തയ്ക്ക് അർഹതയുള്ളതിൽ 24% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ച ശേഷമുള്ള 115% ന്റെ 100/124 ആയ 93% ക്ഷാമബത്ത [അധികമായി 10% (93-83=10)] സഹകരണ സംഘം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ഏകീകൃത ക്ഷാമബത്തയോടൊപ്പം 01.01.2012 മുതൽ പരിഷ്കരിച്ച സ്കെയിലിലും, 139% ക്ഷാമബത്ത പ്രീറിവൈസ്ഡ് സ്കെയിലിലും അനുവദിക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ

ശുപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ 01.01.2012 മുതലുള്ള ക്ഷാമബത്ത ചുവടെ പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരിഷ്കരിച്ച സ്കെയിലിൽ**

| പ്രാബല്യ തീയതി | 01.07.2011 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.01.2012 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ചിട്ടുള്ള ക്ഷാമബത്ത |
|---|---|---|---|
| 01.01.2012 | 83% | 10% | 93% |

**പരിഷ്കരണത്തിന് മുൻപുള്ള സ്കെയിലിൽ**

| പ്രാബല്യ തീയതി | 01.07.2011 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.01.2012 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ചിട്ടുള്ള ക്ഷാമബത്ത |
|---|---|---|---|
| 01.01.2012 | 127% | 12% | 139% |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജോർജ് മാത്യു**

**ഡെപ്യൂട്ടി സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

(ആമുഖ കത്ത് സഹിതം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് വേണ്ടി)

മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.

എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലെയും ജനറൽ മാനേജർമാർക്ക്.

ധനകാര്യ വകുപ്പ് (29.06.2012 ലെ 57944/പി.ആർ.യു. 2/12/ധന പ്രകാരം).

സഹകരണ (എ, ബി, പി.എസ്) വകുപ്പുകൾ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**